പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5062

30.06.2014-ൽ മറുപടിക്ക്.

സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പൊതുജനങ്ങൾക്കു ലഭിക്കേണ്ട പോലീസ് സേവനങ്ങൾ ഏകജാലകമാക്കുന്ന സിറ്റിസൺ ഹെൽപ്പ്ഡെസ്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | : | (എ) 01.09.2012 മുതൽ |
| (ബി) ഈ പദ്ധതിക്കായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ഇതുവരെ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | : | (ബി) എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു കമ്പ്യൂട്ടർ, ഒരു സ്കാനർ, ഒരു പ്രിന്റർ, ഒരു യു.പി.എസ് എന്നിവ ഇതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (സി) പദ്ധതിക്കായി ഇതുവരെ ചെലവാക്കിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | : | (സി) പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച 237 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; | : | (ഡി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രസ്തുത പോലീസ് സ്റ്റേഷനിലേക്കുള്ളതിനു പുറമേ മറ്റേതൊരു സ്റ്റേഷനിലേയ്ക്കോ മറ്റ് പോലീസ് ഓഫീസിലേയ്ക്കോ ഉള്ള പരാതികളും ഈ സംവിധാനത്തിലൂടെ സ്വീകരിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളിൽ സ്വീകരിക്കുന്ന പരാതികൾ സ്റ്റേഷനിലെ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കിൽ രേഖപ്പെടുത്തിയ ശേഷം ഇതിൽ നിന്നും ലഭിക്കുന്ന രസീത് പരാതിക്കാരന് അപ്പോൾതന്നെ നൽകിവരുന്നു. പരാതികളുടെ അന്വേഷണ പുരോഗതി അറിയുവാൻ പരാതിക്കാർ വരികയാണെങ്കിൽ ആയത് ഏതുസ്റ്റേഷനിലേതായാലും പരാതിയുടെ നമ്പർ ഉപയോഗിച്ച് ഈ സംവിധാനത്തിലൂടെ വിവരം ശേഖരിച്ച് പരാതിക്കാരന് നൽകാൻ |

കഴിയുന്നു. ഇതിനു പുറമേ ആ പരാതിയിൽ/ അപേക്ഷയിൽ എടുക്കുന്ന നടപടികളുടെ വിവരങ്ങൾ അപേക്ഷകർക്ക് വെബ്സൈറ്റിലൂടേയും മറ്റും ലഭ്യമാക്കി വരുന്നു. നാളിതുവരെ ഈ സംവിധാനത്തിലൂടെ 2,83,000 ത്തിൽപ്പരം പരാതികൾ കൈകാര്യം ചെയ്തിട്ടുണ്ട്.

(ഇ) പദ്ധതി പ്രവർത്തനസജ്ജമായി പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് എന്ന് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

: (ഇ) ഈ പദ്ധതി 01.09.2012 മുതൽ വിജയകരമായി പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ